**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4101** **27-10-2021 - ൽ മറുപടിയ്ക്ക്**

**കേരളത്തിൽ ലഹരി ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിനും ഈ കേസുകൾ കൈകാര്യം ചെയ്യുന്നതിനും മതിയായ ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സർക്കിൾ ഓഫീസുകൾ നിലവിലില്ലാത്ത താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച 14 താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിച്ചിട്ടില്ലാത്ത കാട്ടാക്കട, കോന്നി, ചാലക്കുടി, കുന്നംകുളം, പട്ടാമ്പി, കൊണ്ടോട്ടി, പയ്യന്നൂർ, മഞ്ചേശ്വരം എന്നീ പുതിയ 8 താലൂക്കുകളിൽ സർക്കിൾ ഓഫീസുകൾ രൂപീകരിക്കുന്ന വിഷയം സർക്കാർ സജീവമായി പരിഗണിച്ചുവരുന്നു. |
| (സി) | എക്സൈസ് ഓഫീസുകളിൽ പരിശോധന നടത്തുന്നതിന് ഡ്രഗ് ഡിറ്റക്ഷൻ കിറ്റ് എല്ലാ ഓഫീസുകളിലും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ എക്സൈസ് സർക്കിൾ ഓഫീസുകൾ, എക്സൈസ് റേഞ്ച് ഓഫീസുകൾ, എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്ക്വാഡ്ഓഫീസുകൾ ഉൾപ്പെടെ എല്ലാ ഫീൽഡ് ഓഫീസിലും പരിശോധന നടത്തുന്നതിനായി ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വിതരണം ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ